"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (ഐ റ്റി എസ് എഫ്) വകുപ്പ്**

നമ്പർ. 94/2022/ധന

തിരുവനന്തപുരം, തീയതി : **16/11/2022.**

**സർക്കുലർ**

**വിഷയം :–** സ്പാർക്ക് സംവിധാനം നിലവിലുള്ള സർക്കാർ വകുപ്പുകളിൽ നിന്നും സ്പാർക്ക് സംവിധാനം നിലവിലുള്ള മറ്റൊരു വകുപ്പിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം ചെയ്യവെ വിരമിക്കുന്ന ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സ്പാർക്കിൽ പ്രോസസ്സ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ – പുറപ്പെടുവിക്കുന്നു.

**സൂചന :–** സർക്കുലർ നം.05/95/ധന തീയതി 15/03/1995

സ്പാർക്ക് സംവിധാനം നിലവിലുള്ള വിവിധ സർക്കാർ വകുപ്പുകളിൽ/ഓഫീസുകളിൽ നിന്നും സ്പാർക്ക് സംവിധാനം നിലവിലുള്ള മറ്റൊരു ഓഫീസിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം ചെയ്യുന്നവർ വിരമിക്കുമ്പോൾ അവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ഏത് ഓഫീസിൽ നിന്നുമാണ് മാറി നല്കേണ്ടതെന്ന് വ്യക്തത വരുത്തുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നത് സംബന്ധിച്ച് അപേക്ഷകൾ സർക്കാരിൽ ലഭിയ്ക്കുകയുണ്ടായി. ആകയാൽ ആയത് വ്യക്തമാക്കി ചുവടെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു:

1. പെൻഷൻ, ഡി സി ആർ ജി, കമ്മ്യൂട്ടേഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പ്രിസം മുഖേന അപേക്ഷ സമർപ്പിച്ച്, മാതൃവകുപ്പിൽ നിന്നും തന്നെ പ്രോസസ് ചെയ്യാവുന്നതാണ്.

2. സേവന കാലത്തെ വേതന കുടിശ്ശികകൾ (സ്പാർക്കിതര ഓഫീസുകളിലെ സേവന കാലയളവ് ഒഴികെ), നിലവിലെ ശമ്പള പരിഷ്കരണ കുടിശ്ശികകൾ, കൂടാതെ പി എഫ് ക്ലോഷർ, ടെർമിനൽ സറണ്ടർ തുടങ്ങിയ, പൊതുവായ ശീർഷകങ്ങളിൽ നിന്നും ചെലവ് വഹിക്കുന്ന ക്ലെയിമുകൾ, ഇവയെല്ലാം സ്പാർക്ക് മുഖേനയാണ് പ്രോസസ് ചെയ്യേണ്ടത്. ആകയാൽ ഇത്തരം ക്ലെയിമുകളെല്ലാം, ജീവനക്കാരൻ വിരമിക്കൽ കാലയളവിൽ ജോലി നോക്കുന്ന ഓഫീസിൽ നിന്നും തന്നെ സ്പാർക്കിലൂടെ പ്രോസസ് ചെയ്യേണ്ടതും, ആ ഓഫീസിലെ ഡി ഡി ഒ തന്നെ ക്ലെയിമുകൾ പ്രോസസ് ചെയ്ത് ബില്ല് മാറി നൽകേണ്ടതുമാണ്.

**BISHWASNATH SINHA**
ADDITIONAL CHIEF SECRETARY

പകർപ്പ്

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/G&SSA), തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (E&RSA), തിരുവനന്തപുരം.
3) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4) എല്ലാ വകുപ്പ് തലവന്മാർക്കും (ഭരണ വകുപ്പ് മുഖേന).
5) ധനകാര്യ വകുപ്പിലെ സെക്ഷനുകൾക്കും (e office മുഖാന്തിരം).
6) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (e office മുഖാന്തിരം).
7) നോഡൽ ഓഫീസർ, www.finance.kerala.gov.in.
8) സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (2212926).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ